**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5726** **16-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഇന്നൊവേഷൻ സമൂഹമായി പരിവർത്തനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഒരു ഇന്നൊവേഷൻ സമൂഹമായി പരിവർത്തനപ്പെടുത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഒരു ഇന്നൊവേഷൻ സമൂഹമായി പരിവർത്തനപ്പെടുത്തുന്നതിന് കെ-ഡിസ്ക് ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികളാണ് യങ് ഇന്നോവേറ്റർസ് പ്രോഗ്രാം, വൺ ഡിസ്ട്രിക്ട് വൺ ഐഡിയ, ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം (വൺ ലോക്കൽ ഗവണ്മെന്റ് വൺ ഐഡിയ), ലോക്കൽ ഇന്നൊവേഷൻ എന്നിവ. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നൂതന ആശയങ്ങൾ മുന്നോട്ട് വെയ്ക്കുന്നവരെ കണ്ടെത്തുന്നതിന് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | യങ് ഇന്നോവേറ്റർസ് പ്രോഗ്രാം, വൺ ഡിസ്ട്രിക്ട് വൺ ഐഡിയ, വൺ ലോക്കൽ ഗവണ്മെന്റ് വൺ ഐഡിയ, ലോക്കൽ ഇന്നൊവേഷൻ എന്നിവയിൽ നൂതന ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്നവരെ കണ്ടെത്തുന്നതിനുള്ള പരിപാടികൾ ഇനിപ്പറയുന്നവയാണ്.<br><br>യങ് ഇന്നോവേറ്റർസ് പ്രോഗ്രാം (വൈഐപി) വിജ്ഞാന പ്രേരിതമായ യഥാർത്ഥ ജീവിത പ്രശ്നപരിഹാരത്തിലൂടെയും കൂട്ടായ പ്രാദേശിക പ്രവർത്തനത്തിലൂടെയും ആഗോള വെല്ലുവിളികളെയും കേരളത്തിന്റെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിനുള്ളിലെ രണ്ടാംതലമുറ വികസന പ്രശ്നങ്ങളെയും അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നു. പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:<br><br>സംസ്ഥാനത്തിന്റെ യഥാർത്ഥ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പങ്കുവഹിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകുന്നു, ആശയം മുതൽ ഉൽപ്പാദനം വരെ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിൽ ഉൽപ്പന്ന ജീവിതചക്രത്തിലെ അനുഭവം നൽകുന്നു. പ്രൊജക്റ്റ് ചെയ്യാൻ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണയും വ്യവസായങ്ങളുമായി ബന്ധിപ്പിക്കലും ലഭ്യമാക്കുന്നു, |

സംരംഭങ്ങൾക്ക് പ്രോത്സാഹനവും ആശയങ്ങൾ പേറ്റന്റ് ചെയ്യാനുള്ള പിന്തുണയും നൽകുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ വൈഐപിയിൽ പ്രധാന പങ്കാളിയാണ്. പ്രോജക്ടുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥി ടീമുകൾക്ക് സംരംഭങ്ങൾ തുടങ്ങാനായി സ്റ്റാർട്ടപ്പ് മിഷന്റെ കണക്ട് നൽകുന്നു.

YIP യിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നാല് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**<u>വിഭാഗം 1-</u>**ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകൾ, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകൾ.

**<u>വിഭാഗം 2 -</u>** ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ, ബിസിനസ്സ് സ്കൂളുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾ, ഗവേഷണകേന്ദ്രങ്ങൾ.

**<u>വിഭാഗം 3-</u>** മെഡിക്കൽ കോളേജുകൾ, ഡെന്റൽ കോളേജുകൾ, ഹോമിയോപ്പതി കോളേജുകൾ, ആയുർവേദ കോളേജുകൾ, ഫാർമസി കോളേജുകൾ, നഴ്സിങ് കോളേജുകൾ, പാരാമെഡിക്കൽ സ്കൂളുകൾ.

**<u>വിഭാഗം 4 -</u>** ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ.

ഉൽപ്പന്നം, ഗവേഷണം, സാമൂഹിക സംരംഭം എന്നിങ്ങനെ മൂന്ന് ട്രാക്കുകളിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ഒന്ന് മുതൽ മൂന്ന് വർഷം വരെയാണ് യങ് ഇന്നൊവേറ്റർസ് പ്രോഗ്രാം. 2018 ൽ തുടങ്ങിയ വൈഐപി ഇപ്പോൾ അഞ്ചാം പതിപ്പിലാണ്. 13 മുതൽ 37 വയസ്സ് വരെയുള്ള സ്കൂൾ, കോളേജ്, ഗവേഷണ വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ഈ പരിപാടിയിൽ ഇതുവരെ 18,000 ടീമുകൾ ഭാഗമായിട്ടുണ്ട്.

'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ രൂപം നൽകുന്ന നൂതനവിദ്യ ഉൾക്കൊള്ളുന്ന പ്രോജക്ടുകൾക്ക് മത്സരാടിസ്ഥാനത്തിൽ പ്രോത്സാഹനസഹായം നൽകുന്നതാണ്.

ചെറുകിട സൂക്ഷ്മസംരംഭങ്ങളുടെ മേഖലയിൽ ഇന്നോവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ കെ-

| | | | |
|---|---|---|---|
| | | | ഡിസ്ക് തയ്യാറാക്കിയ കർമ്മപരിപാടിയാണ് 'ഒരുജില്ല ഒരു ആശയം' (വൺ ഡിസ്ട്രിക്റ്റ് വൺ ഐഡിയ). ഈ മേഖലയിലെ പ്രശ്ന പരിഹാരത്തിൽ കോളേജ് അധ്യാപകരെ പങ്കാളികളാക്കിയിരിക്കുന്നു. ലോക്കൽ ഇന്നൊവേഷൻ പദ്ധതിയിൽ തങ്ങളുടെ ചുറ്റുപാടുമുള്ള ഏതുമേഖലയിലെയും പ്രശ്നങ്ങൾക്ക് നൂതനവിദ്യയുടെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും തങ്ങളുടെ നൂതനവിദ്യ ഡിജിറ്റലായി രജിസ്റ്റർ ചെയ്യാം. ഇവ പരിശോധിച്ച് മികവുറ്റതാക്കാനുള്ള സഹായം നൽകും. പൂർണ്ണതയിൽ എത്തിയാൽ ടെണ്ടറില്ലാതെ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും വാങ്ങാൻ അനുവാദമുണ്ടാകും. സ്വകാര്യവ്യക്തികൾ വാങ്ങിയാൽ സബ്സിഡിയും നൽകും. ഇതിന് പ്രത്യേക ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതാണ്. |
| (സി) | തൊഴിൽ സേനയ്ക്ക് പുറത്തുള്ളവരെ പ്രത്യേകിച്ചും സ്ത്രീകളെ തൊഴിൽ സേനയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാരിന്റെ പുതിയ സമീപനത്തിലൂടെ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. കേരള നോളജ് ഇക്കോണമി മിഷൻ കുടുംബശ്രീയുടെ സഹായത്തോടെ പ്രാദേശിക തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികളെ തൊഴിൽ സജ്ജരാക്കുന്നതിനു സഹായിക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ സ്ത്രീകളെ തൊഴിലിലേക്ക് എത്തിക്കുന്നതിനായി നോളജ് ഇക്കോണമി മിഷൻ 'തൊഴിലരങ്ങത്തേക്ക്' എന്ന പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതി നടപ്പിലാക്കുന്നു. ഇതുവഴി ആവശ്യമായ നൈപുണ്യ പരിശീലനം നൽകി, ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പ്ലാറ്റ്ഫോമിൽ ലഭ്യമായ തൊഴിലവസരങ്ങളോടൊപ്പം പ്രാദേശിക തൊഴിലവസരങ്ങളും കണ്ടെത്തി ലഭ്യമാക്കുന്നതിലൂടെ കൂടുതൽ സ്ത്രീകളെ തൊഴിൽശക്തിയുടെ ഭാഗമാക്കാൻ കഴിയുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന തൊഴിൽ പ്രോത്സാഹന സമ്പ്രദായം ഗിഗ് സമ്പദ്ഘടനയിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ? | (ഡി) | തൊഴിൽ ലഭ്യമാക്കുന്നതിന് സർക്കാർ നടപ്പിലാക്കിയിട്ടുള്ള പരിപാടി വിജ്ഞാന തൊഴിലുകളുടെ മേഖലയിലുള്ളതാണ്. സ്ഥിരം ജോലികൾ പ്രാദേശികമായും, റിമോട്ടായും കണ്ടെത്തുന്നതിന് ഈ പരിപാടി പ്രത്യേകം ഊന്നൽ നൽകുന്നു. ഇതു കൂടാതെ വിദേശത്തും ഇന്ത്യയിലുമുള്ള വൈജ്ഞാനിക തൊഴിലവസരങ്ങളും ഈ പരിപാടിയുടെ ഭാഗമായി കണ്ടെത്തുന്നതാണ്. കുറഞ്ഞ വരുമാനമുള്ള താത്കാലിക തൊഴിലുകളെയാണ് ഗിഗ് എന്ന് കണക്കാക്കുന്നത്. ഉയർന്ന വൈദഗ്ധ്യം ആവശ്യമായുള്ള പ്രൊജക്റ്റ് അടിസ്ഥാനത്തിൽ നിർവഹിക്കുന്നതുമായ തൊഴിലുകളെ ഫ്രീലാൻസ് തൊഴിലുകളെന്നാണ് പറയാറുള്ളത്. കമ്പനി സെക്രട്ടറി, ആർക്കിടെക്റ്റ്, ഡിസൈനർ, സിനിമ മാധ്യമ മേഖലയിലുള്ള |

| | | | |
|---|---|---|---|
| | | | തൊഴിലുകൾ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനങ്ങൾ, പ്രോഗ്രാമർമാർ എന്നിവയെല്ലാം ഈ തരത്തിൽ വരുന്നു. ഇവ ഗിഗ് തൊഴിലുകളല്ല. ഇത്തരം വിജ്ഞാന തൊഴിലുകളും കെ-ഡിസ്ക് ലക്ഷ്യം വെയ്ക്കുന്നു. കൃത്യമായ കംപ്ലൈൻസ് ഫ്രെയിംവർക്കുകൾ സൃഷ്ടിച്ച് നീതി പൂർവകമായ തൊഴിലന്തരീക്ഷം സൃഷ്ടിച്ചു തങ്ങളുടെ വൈദഗ്ധ്യം ഉപയോഗിച്ച വരുമാനം കണ്ടെത്താൻ കഴിയും വിധം ചെറുപ്പക്കാരെ ഒറ്റക്കും കൂട്ടായും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുള്ള നടപടികളാണ് കേരള നോളഡ്ജ് ഇക്കോണമി മിഷനിലൂടെ കെ-ഡിസ്ക് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ